ഉത്തരം

(എ) ഉണ്ടായി.

(ബി) 1,17,98,800 രൂപ പിഴയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. തുക അടയ്ക്കാൻ ബാദ്ധ്യതയില്ലെന്നു റെയിൽവെയെ അറിയിച്ചിട്ടുണ്ട്.

(സി, ഡി) ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

(ഇ) ഈ ഇടപാടിൽ മിൽമയ്ക്ക് 1,79,404 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(എഫ്) നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

ക്ഷീര സംഘങ്ങൾക്ക് ധനസഹായം

134 [2033] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വികസന പദ്ധതിപ്രകാരം ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ ;

(ഡി) അർഹതയുള്ളവർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കാൻ മാനദണ്ഡങ്ങളിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16-12-2004-ലെ സ.ഉ. (എം.എസ്) നമ്പർ 85/2004/പ്ലാനിംഗ് പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

(സി) (1) സംഘങ്ങളിൽ പാസ്റ്ററൈസേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിന്, കഴിഞ്ഞ 5 വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും സ്വന്തം ഭൂമിയുള്ളതും പ്രതിദിനം ശരാശരി 7500 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്നതുമായ സംഘങ്ങൾക്ക് മൊത്തം ചെലവിന്റെ 20%, പരമാവധി 8 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു.

(2) പാൽ ശീതീകരണികൾ (മിൽക്ക് കൂളേഴ്സ്) വാങ്ങുന്നതിന് മേഖലാ യൂണിയന്റെ പ്രധാന മിൽക്ക് റൂട്ടിൽ നിന്നും 10 കിലോ മീറ്റർ അകലെ സ്ഥിതി ചെയ്യുന്നതും പ്രതിദിനം കുറഞ്ഞത് 1000 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്നതുമായ സംഘങ്ങൾക്ക്, വിലയുടെ 20% പരമാവധി 2 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(3) ഓട്ടോമാറ്റിക് മിൽക്പാക്കിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് കഴിഞ്ഞ 3 വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും പ്രതിദിനം ശരാശരി 2000 ലിറ്റർ പാൽ ശേഖരിക്കുന്നതും 1000 ലിറ്റർ ശേഷിയുള്ള മിൽക്ക് കൂളർ ഉള്ളതും, ശേഖരിക്കുന്ന പാലിന്റെ 30% പ്രാദേശിക വിപണിയിൽ വിൽക്കുന്നതുമായ സംഘങ്ങൾക്ക് വിലയുടെ 33 1/3 % അല്ലെങ്കിൽ പരമാവധി 2 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു.

(4) പാൽ ശേഖരിക്കുന്ന മുറികൾ സ്ഥാപിക്കുന്നതിനായി സ്വന്തം സ്ഥലം ഉണ്ടായിരിക്കുകയും കഴിഞ്ഞ 3 വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും, പ്രതിദിനം ശരാശരി 400 ലിറ്റർ പാൽ ശേഖരിക്കുന്നതുമായ സംഘങ്ങൾക്ക് ചെലവിന്റെ 20% പരമാവധി 75,000 രൂപ വരെ സബ്സിഡി നൽകുന്നു.

(5) ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിന്, പ്രതിദിനം 1000 ലിറ്റർ പാൽ സംഭരിക്കുന്നതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സംഘങ്ങൾക്ക് ചെലവിന്റെ 33 1/3%, പരമാവധി 15,000 രൂപ സബ്സിഡി നൽകുന്നു.

(6) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്ന ഉപകരണം വാങ്ങുന്നതിലേക്കായി, പ്രതിദിനം 1000 ലിറ്റർ പാൽ സംഭരിക്കുന്നതും, ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സംഘങ്ങൾക്ക് വിലയുടെ 25% പരമാവധി 25,000 രൂപ വരെ സബ്സിഡി നൽകുന്നു.

(7) സ്റ്റെയിൻലസ് സ്റ്റീൽ 304 ഗ്രേഡ് 40 ലിറ്റർ സംഭരണി വാങ്ങുന്നതിലേയ്ക്കായി, പരമാവധി 10 സംഭരണികൾ ആനന്ദ് മാതൃകയിലെ സംഘങ്ങൾക്ക് (ആപ്കോസ്) വിലയുടെ 33 1/3 %, പരമാവധി യൂണിറ്റിന് 800 രൂപ ക്രമത്തിൽ ധനസഹായം നൽകുന്നു.

(ഡി) ഇപ്പോൾ അർഹതയുള്ളവർക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ആയതിനാൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല.

ഗോരക്ഷാമിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

135 [2034] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, തോമസ് ചാഴിക്കാടൻ:

,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗോരക്ഷാ മിഷൻ എന്നാണ് നിലവിൽ വന്നതെന്ന് അറിയിക്കാമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഇത് എത്രമാത്രം പ്രാവർത്തികമാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly